KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

17/09/2009

# എച്ച്ഐവി അണുബാധിതർക്ക് സർക്കാർ ആശുപത്രികളിൽ പരിശോധനകളും സൗജന്യമാക്കി

**തിരുവനന്തപുരം:** സംസ്ഥാനത്തെ എ.ആർ.ടി കേന്ദ്രങ്ങളായ ഉഷസിൽ രജിസ്റ്റർ ചെയ്ത എച്ച്ഐവി അണുബാധിതർക്ക് ചികിത്സാസംബന്ധമായ എല്ലാവിധ പരിശോധനകളും സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകാൻ സർക്കാർ ഉത്തരവിട്ടു. ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എച്ച്ഐവി അണുബാധിതർക്ക് നിലവിൽ നൽകുന്ന സൗജന്യ ചികിത്സക്ക് പുറമേ യാണിത്.

എച്ച്ഐവി അണുബാധിതരിൽ ബഹുഭൂരിപക്ഷവും സ്വന്തമായി ജോലിയോ വരുമാനമോ ഇല്ലാത്തവരാണ്. ഇവരുടെ ചികിത്സയുടെ ഭാഗമായി പല പരിശോധനകളും നടത്തേണ്ടതുണ്ട്. കൃത്യ മായ ചികിത്സ നടത്തുന്നതിന് ആവശ്യമായിട്ടുള്ള ഈ പരിശോധനകൾ നടത്താൻ സാമ്പത്തിക ബുദ്ധിമുട്ട് പലപ്പോഴും തടസമാകാറുണ്ട്. ഈ സാഹചര്യത്തിൽ എച്ച്ഐവി അണുബാധി തർക്കുള്ള പരിശോധനകൾ സൗജന്യമാക്കണമെന്ന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി സർക്കാരിനോട് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഉത്തരവ്.

സംസ്ഥാനത്ത് 55167 എച്ച്ഐവി അണുബാധിതർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 10491 പേർ മാത്രമാണ് ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഉഷസ് കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്ത അണുബാധിതർക്ക് മാത്രമേ സർക്കാരിന്റെ ചികിത്സകളും പരിശോധനകളും സൗജന്യമായി ലഭിക്കുകയുള്ളൂ. നിലവിൽ ഇവർക്ക് റെയിൽവേ യാത്രാസൗജന്യം അനുവദിച്ചിട്ടു ണ്ട്. തിരുവനന്തപുരം മെഡിക്കൽകോളജ് ആശുപത്രി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ചില ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് ഭക്ഷണവും സൗജന്യമായി നൽകുന്നുണ്ട്.

നിലവിൽ അഞ്ചു സർക്കാർ മെഡിക്കൽ കോളജുകളജ് ആശുപത്രികൾ, പാലക്കാട് ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് ഉഷസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. എച്ച്ഐവി അണുബാധിതർക്ക് നൽകുന്ന വിവിധ സേവനങ്ങൾ ലഭ്യമാകാൻ ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യണമെന്ന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പത്രക്കുറിപ്പിൽ അറിയിച്ചു.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**